പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : T 7606 — 15.07.2014-ൽ മറുപടിക്ക്.

## സിവിൽ കോടതികളിൽ കെട്ടികിടക്കുന്ന കേസുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം.പി.വിൻസെന്റ് | ശ്രീ.ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ സിവിൽ കോടതികളിൽ കെട്ടിക്കിടക്കുന്ന കേസ്സുകൾ എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) 31.03.2014 ലെ കണക്കനുസരിച്ച് 4, 18, 881 കേസ്സുകൾ സംസ്ഥാനത്തെ സിവിൽ കോടതികളിൽ കെട്ടികിടപ്പുണ്ട്. |
| (ബി) കേസ്സുകളുടെ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) കീഴ്കോടതികളിലെ കേസുകളുടെ കാലതാമസം ഒഴിവാക്കാൻ ഹൈക്കോടതി സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചു വരികയാണ്. ഓരോ കോടതികളിലെയും കേസുകളുടെ തീർപ്പ് സംബന്ധിച്ച കണക്കുകൾ ദിനംപ്രതി അവലോകനം ചെയ്ത് വരുന്നു. സിവിൽ കോടതികളിൽ കേസുകൾ അടുത്തടുത്ത ദിവസങ്ങളിൽ തീർപ്പാക്കുന്നതുവരെ വിചാരണ നടത്തുന്ന 'Special list System' ആവിഷ്കരിച്ചിട്ടുണ്ട്. പുതിയ സിവിൽ കോടതികൾ സ്ഥാപിക്കുന്നതിനുള്ള മുൻഗണനാപട്ടിക തയ്യാറാക്കിയിട്ടുണ്ട്. ന്യായാധിപൻമാരുടെ ഒഴിവുകൾ യഥാക്രമം നികത്തുന്നതിനും, കോടതികളിൽ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കീഴ്കോടതികളിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) കോടതിച്ചെലവുകൾ, വക്കീൽ ഫീസ് എന്നിവ സംബന്ധിച്ച ഒരു ഏകീകൃത നിയമം കൊണ്ടുവരുമോയെന്ന് വ്യക്തമാക്കുമോ? | (സി) നിലവിൽ പുതിയ നിയമം കൊണ്ടുവരുന്ന കാര്യം പരിഗണനയിലില്ല. അഡ്വക്കേറ്റുമാരുടെ ഫീസ് സംബന്ധിച്ച് 1969 ലെ 'Rules Regarding Fees payable to Advocates' നിയമവും, കോടതി ചെലവ് സംബന്ധിച്ച് Code of Civil Procedure, 1908, Civil Rules of Practice, Kerala എന്നിവയിൽ ആവശ്യമായ ചട്ടങ്ങൾ ഉണ്ട്. |

Rema.V

സെക്ഷൻ ഓഫീസർ